**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2217**

17.02.2016 ൽ മറുപടിക്ക്

## ഡിജിറ്റൽ കേരളാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വർക്കല കഹാർ**<br>**ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. സി.പി. മുഹമ്മദ്**<br>**ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഡിജിറ്റൽ കേരളാ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി കേരള സർക്കാർ ഡിജിറ്റൽ കേരള എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഡിജിറ്റൽ കേരളയുടെ കീഴിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) എല്ലാവർക്കും അടിസ്ഥാന സൗകര്യമായി ഇന്റർനെറ്റ് ലഭ്യമാക്കുക, ഭരണ നിർവഹണവും സേവനവും പൊതുജനത്തിന്റെ അവകാശമാക്കുക, ഡിജിറ്റൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി എല്ലാവർക്കും ഡിജിറ്റൽ ശാക്തീകരണം നൽകുക എന്നിവയാണ് ഡിജിറ്റൽ കേരളയുടെ പ്രധാന ലക്ഷ്യം. കൂടാതെ സുസ്ഥിര സാമ്പത്തിക വളർച്ച മുൻ നിർത്തി സംസ്ഥാനത്തെ ഒരു ഡിജിറ്റൽ പരിജ്ഞാനമുള്ള സമൂഹമാക്കി മാറ്റുക, ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിലേക്കായി ചെലവു കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, തൊഴിലവസരം വർദ്ധിപ്പിക്കുക, ഐ.ടി മേഖലയിലെ നിക്ഷേപം വർദ്ധിപ്പിച്ച് കയറ്റുമതി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | സി) ഡിജിറ്റൽ കേരളയിൽ വിഭാവനം ചെയ്യുന്ന വിവിധ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ട് ഭരണതലത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. |

Sajuni

സെക്ഷൻ ഓഫീസർ